# രാജാവ് വരുന്നു!

## പ്രവൃത്തികൾ 1:10, 11, ഒരു എത്തിനോട്ടം

"രാജാവ് വരുന്നു!" എന്ന വിഷയം പഴയനിയമത്തിലും പുതിയ നിയമത്തിലും മുഴങ്ങി കേൾക്കാം. പഴയനിയമത്തിൽ ചിന്ത "രാജാവ് വരുന്നു!" എന്നതായിരുന്നു. സുവിശേഷവിവരണത്തിൽ, സന്ദേശം "രാജാവ് ഇവിടെ ആകുന്നു!" എന്നതാണ്. പുതിയനിയമത്തിലെ ശേഷം ഭാഗത്ത് "രാജാവ് വീണ്ടും വരുന്നു!"[1] എന്നാണ്.

### പഴയനിയമം:
### "രാജാവ് വരുന്നു!"

**കാത്തിരുപ്പ് ദീപ്തി**

പഴയനിയമത്തിൽ, മനുഷ്യൻ പാപം ചെയ്തപ്പോൾ, ദൈവം പലപ്പോഴായി വരുവാനുള്ള ഒരു രക്ഷകനെ വാഗ്ദാനം ചെയ്തിട്ടുണ്ട്. "ക്രിസ്തു വന്ന് ... മനുഷ്യരെ രക്ഷിക്കുമെന്ന് പറയുന്ന 380 പ്രവചനങ്ങൾ പഴയനിയമത്തിലുണ്ട്."[2] ആദ്യത്തേത് സന്തതി വാഗ്ദാനമായിരുന്നു (ഉദാഹരണത്തിന്, ഉല്പത്തി 3:15; 22:18). എങ്ങനെയായാലും, ദൈവം യിസ്രായേലിൽ കൂടെ രക്ഷകനെ അയക്കുമെന്ന് വാഗ്ദാനം ചെയ്തു. ഒരിക്കൽ ആ ദേശത്തിന് ഒരു രാജാവിനെ നിയമിച്ചപ്പോൾ അത് ഒരു *രാജ്യ* വാഗ്ദാനമായി.

ഉദാഹരണത്തിന് സങ്കീർത്തനങ്ങൾ, 2 യെഹൂദന്മാർക്ക് ഒരു വലിയ രാജാവ് വരുന്നു എന്നു വാഗ്ദാനം ചെയ്ത വേദഭാഗമായിരുന്നു.[3] വാക്യം 2 ൽ "പ്രമാണിമാർ കർത്താവിന്നും അവന്റെ അഭിഷിക്തനും എതിരായി തീർന്നു" എന്നു കാണാം. "അഭിഷിക്തൻ" എന്ന വാക്ക് എബ്രായഭാഷയിൽനിന്ന് തർജിമ ചെയ്തതാണ് "മശിഹാ." ഗ്രീക്കിൽ തുല്യമായ വാക്കാണ് "ക്രിസ്തു." പല ആത്മിയ ഉദ്യോഗസ്ഥരെ എണ്ണകൊണ്ട് അഭിഷേകം ചെയ്യാറുണ്ട്,[4] എന്നാൽ സാധാരണ യെഹൂദൻ "അഭിഷിക്തൻ" എന്നു കേൾക്കുമ്പോൾ അവന്റെ മനസിൽ വരുന്നത് *രാജാവ്* ആണ്. "കർത്താവിന്റെ അഭിഷിക്തൻ" എന്നാണ് ആദ്യ രാജാവായ ശൗൽ അറിയപ്പെട്ടിരുന്നത് (1 ശമുവേൽ 24:6, 10; 26:9, 11, 16, 23). "അഭിഷിക്തനെ" കുറിച്ച് സങ്കീർത്തനങ്ങൾ 2-ൽ കർത്താവ് പറയുന്നു, "നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" (വാക്യം 7). ഒരു രാജാവ് വരുന്നു!

വീണ്ടും ദാനിയേൽ 2:44-ൽ ഈ വാഗ്ദാനം നാം കാണുന്നു: "ഈ രാജാക്കന്മാരുടെ കാലത്ത് [അതായത്, റോമാ സാമ്രാജ്യം നിലവിലുള്ള സമയത്ത്] സ്വർഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും." യിസ്രായേൽ മക്കൾ അവരുടെ ഇരുണ്ട ദിവസങ്ങളിലും രാത്രിയിലും അവരെ നിലനിർത്തിയത് ഈ വാഗ്ദാനങ്ങളായിരുന്നു. രാജാവ് തന്റെ രാജ്യം സ്ഥാപിപ്പാൻ വരുന്നു.

### കാത്തിരുപ്പ് മങ്ങുന്നു

ദിവസങ്ങളും മാസങ്ങളും കഴിഞ്ഞുപോകുകയും യിസ്രായേലിന്റെ കാത്തിരിപ്പിന് മങ്ങലേൽക്കുകയും ചെയ്തു. ലാന്റൺ സൗണ്ടേഴ്സ് ക്രിസ്തുവിന്റെ സമയമായപ്പോഴേക്ക് അവരുടെ സാഹചര്യത്തെ കുറിച്ച് ഇപ്രകാരം വിവരിക്കുന്നുണ്ട്:

> അന്യദൈവത്തെ നമസ്ക്കരിക്കുന്ന റോമിന്റെ ശക്തി വളരെ പ്രകടമായിരുന്നു. അവരുടെ വീഥികളിലൂടെ സൈന്യങ്ങൾ മാർച്ച് ചെയ്തുകൊണ്ടിരിക്കുന്നു, അവരുടെ കുന്നുകളിൽ റോന്തുചുറ്റുന്നു, വിശുദ്ധമന്ദിരത്തെയും ഉറ്റു നോക്കിക്കൊണ്ടിരിക്കുന്നു, എന്നാൽ അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ഭരണത്തിൽ അവർഅടിമകളായിരുന്നു.[5]

ക്രമേണ ദേശത്തിന്റെ ശ്രദ്ധ ഭൗതികകാര്യങ്ങളിലേക്ക് തിരിഞ്ഞു. മതപരമായി ജീവിക്കുന്നു എന്നവകാശപ്പെട്ടവർ പോലും അങ്ങനെയായി. ചില ഹൃദയങ്ങളിൽ പ്രത്യാശയുടെ കിരണങ്ങൾ മാഞ്ഞുപോയി.

എങ്ങനെയായാലും, അതു മറ്റുള്ളവരിൽ തുടർന്നും പ്രകാശിച്ചുകൊണ്ടിരുന്നു. ഉദാഹരണത്തിന്, മറിയയും യോസേഫും ശിശുവായ യേശുവിനെ ദൈവാലയത്തിൽ കൊണ്ടുപോയപ്പോൾ,ശിമെയോൻ വർഷംതോറും "യിസ്രായേലിന്റെ ആശ്വാസത്തിനായി" കാത്തിരിക്കയായിരുന്നു (ലൂക്കൊസ് 2:25) – ആശ്വാസം നൽകുവാൻ രാജാവിന് മാത്രമെ കഴിയു. ശിശുവായ യേശുവിനെ കൈകളിലേന്തി ആ മനുഷ്യൻ ദൈവത്തെ പുകഴ്ത്തി: "ഇപ്പോൾ നാഥാ തിരുവചനം പോലെ നീ അടിയനെ-സമാധാനത്തോടെ വിട്ടയക്കുന്നു; ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായി യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടേയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷ എന്റെ കണ്ണ് കണ്ടുവല്ലൊ" (ലൂക്കൊസ് 2:29, 30). ചിലപ്പോൾ ആ ജ്വാല അപ്രതീക്ഷിത ഭാഗങ്ങളിലേക്ക് കത്തിപ്പടരുവാൻ തുടങ്ങി. അധാർമ്മികയായ ഒരു ശമര്യക്കാരി സ്ത്രീയോട് യേശു യാക്കൊബിന്റെ കിണറ്റിനരികിൽ വെച്ച് സംസാരിച്ചപ്പോൾ, അവൾ പറഞ്ഞു, "മശിഹ വരുന്നു എന്നു ഞാൻ അറിയുന്നു" (ക്രിസ്തു എന്നു വിളിക്കുന്നവൻ); അവൻ വരുമ്പോൾ അവൻ സകലവും ഞങ്ങളോട് അറിയിച്ചുതരും (യോഹന്നാൻ 4:25).

## സുവിശേഷവിവരണങ്ങൾ:
## "രാജാവ് ഇവിടെയാകുന്നു!"

### കാത്തിരിപ്പ് ജ്വലിക്കുന്നു

എങ്ങനെയായാലും, പിന്നെ, യിസ്രായേലിന്റെ പ്രത്യാശാകിരണങ്ങൾ വീണ്ടും ജ്വലിക്കുന്ന ചിലതു സംഭവിച്ചു. യോഹന്നാൻ എന്ന മനുഷ്യൻ യെഹൂദ്യാ മരുഭൂമിയിൽ പ്രസംഗിക്കുവാൻ തുടങ്ങി: "ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" (മത്തായി 3:2). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "രാജാവ് വരുന്നു – നിങ്ങളെല്ലാം ഒരുങ്ങുക!" പുരുഷാരം യോഹന്നാനോട് ചോദിച്ചു, "അപ്പോൾ ഞങ്ങൾ എന്തു ചെയ്യേണ്ടു?" (ലൂക്കൊസ് 3:10). അവന്റെ മറുപടി "രണ്ടു വസ്ത്രമുള്ളവൻ ഇല്ലാത്തവന്നു കൊടുക്ക

ട്ടെ, ഭക്ഷണസാധനങ്ങൾ ഉള്ളവനും അങ്ങനെതന്നെ ചെയ്യട്ടെ” (ലൂക്കൊസ് 3:11). അവൻ ചുങ്കക്കാരോട് പറഞ്ഞു, “നിങ്ങളോട് കല്പിച്ചതിലധികം പിരിക്കരുത്'' (ലൂക്കൊസ് 3:13). പടജ്ജനത്തോട് “ആരെയും ബലാല്ക്കാരം ചെയ്യാതെയും ചതിവായി ഒന്നും വാങ്ങാതെയും നിങ്ങളുടെ ശമ്പളം മതി എന്നു വെപ്പിൻ” (ലൂക്കൊസ് 3:14). രാജാവിനു വേണ്ടിയുള്ള കാത്തിരിപ്പ് യോഹന്നാന്റെ സദസ്യരിൽ സ്വാധീനം ചെലുത്തിയിരുന്നു.

ദീർഘ-കാലമായി കാത്തിരുന്ന രാജാവ് യേശു ആയിരുന്നു (മത്തായി 2:2; 1:49). എങ്ങനെയായാലും, അവൻ വന്നപ്പോൾ, അവൻ ജനിച്ചതു കൊട്ടാരത്തിലായിരുന്നില്ല, അവൻ രാജവസ്ത്രം ധരിച്ചിരുന്നില്ല, അവൻ വലിയ സൈന്യത്തോട് കല്പിച്ചുമില്ല.[6] ഈ വസ്തുതകൾ നിമിത്തം അവൻ രാജാവ് തന്നെയോ എന്ന് ചിലർ സംശയിച്ചു. രാജ്യസ്ഥാപനമായിരുന്നു അവന്റെ ഉള്ളിലും സംസാരത്തിലും ഉണ്ടായിരുന്നത്. “ദൈവരാജ്യം സമീപിച്ചിരിക്കയാൽ, മാനസാന്തരപ്പെടുവിൻ'' എന്നായിരുന്നു അവൻ പ്രസംഗിച്ചത് (മത്തായി 4:17). അവന്റെ ഉപമകൾ പലതും തുടങ്ങുന്നത്, “സ്വർഗരാജ്യം ... പോലെയാണ്” എന്നായിരുന്നു (മത്തായി 13:31, 33, 44, 45, 47, 52; 20:1). “സ്വർഗരാജ്യത്തിന്റെ താക്കോൽ” അവൻ പത്രൊസിന്ന് വാഗ്ദാനം ചെയ്തു (മത്തായി 16:19). ദൈവരാജ്യം അവരുടെ കാലയളവിൽ “ശക്തിയോടുകൂടി” വരുമെന്ന് അവൻ ശിഷ്യന്മാരോട് പറഞ്ഞിരുന്നു (മർക്കൊസ് 9:1).

**കാത്തിരിപ്പ് മങ്ങുന്നു**

നിർഭാഗ്യവശാൽ, ആളുകൾക്ക് രാജാവിനെയും രാജ്യത്തെയും കുറിച്ച് തെറ്റായ ആശയമാണുണ്ടായിരുന്നത്: ഒരു ഭൗതികമായ രാജ്യം സ്ഥാപിച്ച് തങ്ങളുടെ ശത്രുക്കളെയെല്ലാം തോല്പിക്കുന്നതിനായിട്ടായിരുന്നു അവർ കാത്തിരുന്നത്. ഒരു ദിവസം ജനക്കൂട്ടം അവനെ രാജാധിരാജാവായി വാഴിക്കുവാൻ ആർത്തുവിളിക്കയുണ്ടായി, എന്നാൽ അവൻ അതിന് അനുവദിച്ചില്ല (യോഹന്നാൻ 6:15). പിന്നീട്, ഒരു ഞായറാഴ്ച്ച യേശു കഴുതപ്പുറത്ത് കയറി യെരുശലേമിലേക്ക് പോയപ്പോൾ, നിലവിളിച്ചു, “ഹോശന്നാ! കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ; വരുന്നതായ രാജ്യം, നമ്മുടെ പിതാവായ ദാവീദിന്റെ രാജ്യം വാഴ്ത്തപ്പെടുമാറാകട്ടെ ... !” (മർക്കൊസ് 11:9, 10). യേശു അവിടെയോ ഇവിടെയോ രാജ്യം സ്ഥാപിക്കുമെന്നാണ് അവർ വിചാരിച്ചത് - പക്ഷെ അവർ നിരാശരായി.

രാജാവ്-അല്ലാത്തതു - പോലെയുള്ള യേശുവിന്റെ ചില പ്രസ്താവനകൾ ആളുകൾ ഗ്രഹിച്ചു. അവൻ പറഞ്ഞു, “എന്റെ രാജ്യം ഐഹികമല്ല” (യോഹന്നാൻ 18:36). താൻ, ക്രൂശിൽ തറെച്ചു കൊല്ലപ്പെടുമെന്ന് യേശു പറഞ്ഞിരുന്നു (മത്തായി 16:21; 17:23; 20:19) - രാജാവല്ലാത്ത അന്ത്യം! താൻ ലോകം *വിട്ടുപോകുന്നതിനെ* കുറിച്ച് പോലും അവൻ പറഞ്ഞിരുന്നു (യോഹന്നാൻ 16:28 നോക്കുക).

എങ്ങനെയായാലും, അവൻ *വീണ്ടും വരുന്നതിനെ* കുറിച്ചും സംസാരിക്കയുണ്ടായി.[7] അതാണ് ഈ അവതരണത്തിന്റെ കാതൽ. മത്തായി 24 ലേയും 25 ലേയും അവന്റെ പ്രസംഗത്തിൽ ഈ വാക്കുകൾ കാണാം:

> “നോഹയുടെ കാലം പോലെ *മനുഷ്യപുത്രന്റെ വരവും* ആകും. ജലപ്രളയത്തിനു മുമ്പുള്ളകാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ

അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന് കൊടുത്തും പോന്നു; ജലപ്രളയം വന്നു എല്ലാവരേയും നീക്കി കളയുവോളം, അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ *വരവും* അങ്ങനെതന്നെ ആകും" (24:37–39; എംഫസിസ് മൈൻ).

"നിങ്ങളുടെ *കർത്താവ്* ഏതു ദിവസം *വരുന്നു* എന്ന് അറിയായ്കയാൽ, ഉണർന്നിരിപ്പിൻ" (24:42; എംഫസിസ് മൈൻ).

"*മനുഷ്യപുത്രൻ* തന്റെ തേജസോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ, അവൻ തന്റെ തേജസിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളേയും അവന്റെ മുമ്പിൽ കൂട്ടും. അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ തന്റെ ഇടത്തും നിറുത്തും .... ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും" (മത്തായി 25:31–46; എംഫസിസ് മൈൻ).

മാളികമുറിയിൽ വെച്ചുള്ള തന്റെ നിസ്തുലമായ വിടവാങ്ങൽ പ്രസംഗത്തിൽ യേശു അപ്പൊസ്തലന്മാരോട് പറഞ്ഞു,

നിങ്ങളുടെ ഹൃദയം കലങ്ങിപോകരുത്, ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു, ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന്ന് *പിന്നെയും വന്ന്* നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹന്നാൻ 14:1–3).

എങ്ങനെയായാലും, ക്രിസ്തു ഇതു പറഞ്ഞതിനുശേഷമുള്ള പ്രഭാതത്തിൽ, ഒരു റോമൻ കുരിൽ അവനെ തറെച്ചു – അങ്ങനെ അവന്റെ ശിഷ്യന്മാരുടെ പ്രത്യാശയുടെ സ്വപ്നം പൊലിയുകയും ചെയ്തു.

## പ്രവൃത്തികളുടെ പുസ്തകവും ലേഖനങ്ങളും: "രാജാവ് വീണ്ടും വരുന്നു!"

### കാത്തിരിപ്പ് ജ്വലിക്കുന്നു

യേശു മൂന്നാം നാൾ ഉയർത്തെഴുന്നേറ്റപ്പോൾ അവരുടെ പ്രത്യാശക്ക് ജീവൻ വെച്ചു. പിന്നെ അവൻ നാല്പതുദിവസം അപ്പൊസ്തലന്മാരോടു കൂടെ ആയിരുന്നു, അവൻ സ്വർഗത്തിലേക്ക് പോകുവാനിരുന്നതുകൊണ്ട്, അവൻ അവരെ ഒരുക്കുകയായിരുന്നു. അവസാനം, അവനു പോകുവാനുള്ള സമയമായി. പിന്നെ അവൻ ഒലിവുമലയുടെ കിഴക്കെ ചരുവിലേക്ക് നയിച്ചുകൊണ്ടുപോയി കൈ ഉയർത്തി അവരെ അനുഗ്രഹിക്കയും, സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്തു. അപ്പൊസ്തലന്മാർ അവൻ പോകുമ്പോൾ, ആകാശത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ടുനിന്നു. അവൻ പോകു

മ്പോൾ, "രണ്ടു ദൂതന്മാർ" "അവരുടെ അടുത്ത്" നിന്നിരുന്നു (പ്രവൃത്തികൾ 1:10). ദൂതന്മാർ പറഞ്ഞു, "ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നില്ക്കുന്നതു എന്ത്? നിങ്ങളെ വിട്ടു സ്വർഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതു പോലെ തന്നെ അവൻ *വീണ്ടും വരും*" (പ്രവൃത്തികൾ 1:11; എംഫസിസ് മൈൻ). ക്രിസ്തുവിന്റെ അനുയായികൾക്ക് ഒരു പുതിയ സന്ദേശം ലഭിച്ചു: "രാജാവ് വീണ്ടം വരുന്നു!"

"രാജാവ് വീണ്ടും വരുന്നു!" എന്ന ഉറപ്പ് യിസ്രായേൽ ജനതയെ ഉത്തേജിപ്പിച്ചിട്ടുണ്ട്. അങ്ങനെ "രാജാവ് വീണ്ടും വരുന്നു!" എന്ന ചിന്ത ആദ്യ ക്രിസ്ത്യാനികളെ ആലംബരാക്കിയിട്ടുണ്ട്. ദൈവശ്വാസിയ എഴുത്തുകാർ ഈ വിഷയത്തെ കുറിച്ച് തുടർച്ചയായി സംസാരിച്ചിട്ടുണ്ട്. ഒരെഴുത്തുകാരൻ പറഞ്ഞതനുസരിച്ച്, അവൻ രണ്ടാമത് മനുഷ്യരെ ന്യായം വിധിക്കുവാനാണ് വരുന്നതെന്ന് പുതിയനിയമത്തിൽ "ചുരുങ്ങിയത് 370 വാക്യങ്ങളിൽ പറയുന്നുണ്ട്. പുതിയനിയമത്തിലെ ആകെയുള്ള 7,959 വാക്യങ്ങളിൽ ഓരോ 25 വാക്യങ്ങളും ക്രിസ്തുവിന്റെ രണ്ടാം വരവിനെ സ്പർശിക്കുന്നുണ്ട്. പുതിയനിയമത്തിലെ 27 പുസ്തകങ്ങളിലെ 23 ലും ഈ ഉപദേശം പഠിപ്പിക്കുന്നുണ്ട് "[8]

പൗലൊസ് എഴുതി,

> നമ്മുടെ പൗരത്വമോ സ്വർഗത്തിലാകുന്നു, അവിടെനിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം അറിഞ്ഞിരിക്കുന്നു; അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാര ശക്തി കൊണ്ട് നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ അവന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും (ഫിലിപ്പിയർ 3:20, 21).

രാജാവ് മടങ്ങി വരുമ്പോൾ, നമ്മുടെ അഴിഞ്ഞു-പോകുന്ന ശരീരം പുതിയ ശരീരത്തിന് വഴി മാറും. നമുക്ക് ആത്മിയ ശരീരം നൽകും - അവന്റെ "മഹത്വമുള്ള ശരീരത്തോട്"! അനുരൂപപ്പെടുന്ന ശരീരം.

തെസലൊനിക്യയിലുള്ള ക്രിസ്ത്യാനികളോട് പൗലൊസ് പറഞ്ഞു:

> കർത്താവിന്റെ പ്രത്യക്ഷതവരെ, ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്ര കൊണ്ടവർക്ക് മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോട് പറയുന്നു; കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളനാദത്തോടും കൂടെ സ്വർഗത്തിൽനിന്ന് ഇറങ്ങി വരികയും, ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയർത്തെഴുന്നേല്ക്കയും ചെയ്യും.[9] പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും അവനോടുകൂടെ ഇരിക്കും (1 തെസലൊനിക്യർ 4:15-17).

പിന്നീട് തെസലൊനിക്യയിലുള്ള ക്രിസ്ത്യാനികളുടെ പ്രിയപ്പെട്ട പലരേയും അവർ ഭൂമിയിൽ അടക്കം ചെയ്തിട്ടുണ്ട്. മരിച്ചുപോയ നീതിമാൻമാർക്ക് പ്രതിഫലം കിട്ടാതെ പോകയില്ല എന്ന് പൗലൊസ് പറയുന്നു - കാരണം രാജാവ്

വീണ്ടും വരുമ്പോൾ, അവർ ഉയർത്തെഴുന്നേൽക്കും. അവൻ പറഞ്ഞു, ‘‘അതുകൊണ്ട് ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിച്ചുകൊൾവിൻ” (1 തെസലൊനിക്യർ 4:18).

വരുന്ന രാജാവിനെ കുറിച്ച് യോഹന്നാനും പറഞ്ഞിട്ടുണ്ട്: “ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന്ന് അവനിൽ വസിപ്പിൻ” (1 യോഹന്നാൻ 2:28). നാം ഒരുങ്ങിയിരുന്നാൽ, രാജാവ് വരുമ്പോൾ നമുക്ക് ധൈര്യമുണ്ടാകും - നാം തയ്യാറായിരുന്നില്ലെങ്കിൽ ലജ്ജിതരായിതീരും. 1 യോഹന്നാൻ 3:2 പറയുന്നു, “പ്രിയമുള്ളവരേ നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു നാം ഇന്നത് ആകുമെന്ന് ഇതുവരെയും പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട്, അവനോട് സദൃശന്മാർ ആകും എന്നു നാം അറിയുന്നു.”

വേറെയും വേദഭാഗങ്ങൾ നോക്കുവാൻ കഴിയും, എന്നാൽ ക്രിസ്തുവിന്റെ വരവ് ആവർത്തിച്ചിട്ടുള്ള വിഷയമാണെന്ന് ഗ്രഹിക്കുവാൻ ഇവ മതിയാകും. ഇനി നമുക്ക് പുതിയനിയമത്തിന്റെ അവസാനഭാഗത്തേക്ക് തിരിയാം: “ഇതാ ഞാൻ വേഗം വരുന്നു, ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്കുതക്ക പ്രതിഫലം കൊടുപ്പാൻ എന്റെ പക്കലുണ്ട്” (വെളിപ്പാട് 22:12). ആയിരക്കണക്കിനു വർഷങ്ങൾ കഴിഞ്ഞിട്ടും ‘‘വേഗം വരുന്നു’’ എന്ന പ്രസ്താവന ഇനിയും നിറവേറാതിരിക്കുന്നതു അസാധാരണമായി ചിലർക്ക് തോന്നിയേക്കാം.[10] ബിൽ ബനോസ്ക്കി പറഞ്ഞു,

> ബൈബിളിലെ അവസാനഭാഗത്തുള്ള “വേഗം” എന്ന വാക്ക് ഭൗമിക ജീവിതത്തിന്റെ കാഴ്ച്ചപ്പാടിൽ എടുക്കേണ്ടതല്ല, ദൈവത്തിന് പ്രായമില്ലാത്ത ജീവിതമാണുള്ളത്. നമ്മുടെ കണക്കനുസരിച്ച് രണ്ടായിരം വർഷങ്ങൾ വരികയും പോകുകയും ചെയ്തു, എന്നാൽ അവന് ആയിരം സംവൽസരം ഒരു ദിവസം പോലെ ആണ്. ദൈവം ഒരു വാച്ച് കെട്ടുന്നില്ല.[11]

യേശുവിന്റെ “വേഗത്തിൽ” എന്ന വാക്കു സൂചിപ്പിക്കുന്നത് “ആസന്നമായിരിക്കുന്നു” എന്ന അർത്ഥത്തിലാണെന്നും ബനോസ്ക്കി പറയുകയുണ്ടായി.[12] ആസന്നം എന്നു പറയുമ്പോൾ *അത് ഏതു നിമിഷവുമാകാം.* പ്രാരംഭ ക്രിസ്ത്യാനികൾ അത് സത്യമാണെന്ന് വിശ്വസിച്ചിരുന്നു, നാമും അത് സത്യമാണെന്ന് വിശ്വസിക്കണം. ബൈബിളിലെ അടുത്ത-വാക്യം-മുതൽ അവസാന വാക്യം വരെ, യേശുവിന്റെ വാഗ്ദാനത്തെ യോഹന്നാൻ ആവർത്തിക്കയുണ്ടായി. “ഇതു സാക്ഷീകരിക്കുന്നവൻ, അതേ ഞാൻ വേഗം വരുന്നു എന്ന് അരുളിച്ചെയ്യുന്നു” (വെളിപ്പാട് 22:20).

മുന്നറിയിപ്പുകൂടാതെ, കാണത്തക്കവണ്ണവും,[13] കേൾക്കത്തക്കവണ്ണവുമായിരിക്കും[14] രാജാവ് വരുന്നതെന്ന് പുതിയനിയമ എഴുത്തുകാർ പഠിപ്പിച്ചിട്ടുണ്ട്, മഹത്വത്തോടം ശക്തിയോടും കൂടെ ആയിരിക്കും. അവൻ വരുന്നത് മരിച്ചവരെ ഉയർപ്പിക്കുന്നതിനും, എല്ലാവരെയും ന്യായം വിധിക്കുന്നതിനും, പ്രതിഫലം നൽകുവാനും ശിക്ഷിക്കുന്നതിനുമാണെന്നും പുതിയ നിയമം പഠിപ്പിക്കുന്നുണ്ട്.[15] അന്യായം നിറഞ്ഞ ലോകത്തിൽ, രാജാവ് വന്ന് എല്ലാം നേരെയാക്കും എന്നായിരുന്നു അവരുടെ സന്ദേശം!

രാജാവിന്റെ ആദ്യത്തെ വരവ് യിസ്രായേൽ ജനത്തെ സ്വാധീനിച്ചു. അതുപോലെ രണ്ടാം വരവ് ആദ്യ ക്രിസ്ത്യാനികളെയും സ്വാധീനിച്ചു:

- *അതു അവരെ മാറ്റി*. അത് അവരുടെ കാഴ്ച്ചപ്പാടിനെ മാറ്റി. "രാജാവ് വീണ്ടും വരുന്നു!" എന്ന വസ്തുത അവരുടെ മുഖ്യചിന്തയായി തീരുകയും ജീവിതം മറ്റൊരു ദിശയിലേക്ക് മാറ്റുകയും ചെയ്തു.
- *അതു അവരെ വെല്ലുവിളിച്ചു*. രണ്ടാം വരവിനെ കുറിച്ച് സംസാരിക്കുമ്പോൾ പത്രൊസ് എഴുതി,

> കർത്താവിന്റെ ദിവസമോ കള്ളനെപോലെ വരും, അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ളതൊക്കെയും വെന്തുപോകയും ചെയ്യും.
>
> ഇങ്ങനെ ഇവയൊക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുപോകുവാനുമുള്ള ദൈവദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ട് നിങ്ങൾ എത്ര വിശുദ്ധജീവിതവും ഭക്തിയുമുള്ളവർ ആയിരിക്കേണം ... ! (2 പത്രൊസ് 3:10-12).

ഫലത്തിൽ, യോഹന്നാൻ യെഹൂദന്മാരോട്, "രാജാവ് വരുന്നു!" എന്നു പറഞ്ഞപ്പോൾ അവർ മാനസാന്തരപ്പെട്ട് അവരുടെ ജീവിതം മാറ്റി. "രാജാവ് വീണ്ടും വരുന്നു!" എന്നു പത്രൊസ് പറയുമ്പോൾ നമ്മുടേയും ജീവിതം മാറണം. "ഇന്ത്യൻ പ്രധാനമന്ത്രി നിങ്ങളുടെ വീട്ടിലേക്ക് ഭക്ഷണത്തിന് വരുന്നു എന്ന് കേട്ടാലോ?"[16] "ഞാൻ എന്താണ് കൊടുക്കേണ്ടത്? ഞാൻ എന്തു വസ്ത്രമാണ് ധരിക്കേണ്ടത്? എന്റെ വീട് നന്നായി കാണപ്പെടേണ്ടതിന് ഞാൻ എന്തെല്ലാം മാറ്റമാണ് വരുത്തേണ്ടത്? എന്നു നിങ്ങൾ ചോദിക്കയില്ലയോ?" രാജാവ് വീണ്ടും വരുന്നു എന്ന ചിന്ത നമ്മിൽ വരുമ്പോൾ ഏറ്റവും വലിയ ചോദ്യമാണ് നമ്മുടെ മനസിലേക്ക് വരുന്നത് എന്നാണ് പത്രൊസ് പറഞ്ഞത്: "നാം എത്ര വിശുദ്ധജീവിതവും ഭക്തിയുമുള്ളവർ ആയിരിക്കേണം?"

- *അത് അവരെ ഉറപ്പിച്ചു*. രാജാവ് വീണ്ടും വരുമെന്ന വസ്തുത അവരെ *ശക്തീകരിക്കുന്ന*തായിരുന്നു. അവരുടെ ജീവിതത്തിൽ എന്തു തന്നെ സംഭവിച്ചാലും, രാജാവ് വീണ്ടും വരുമെന്ന് അവർ അറിയുകയും, അത് ശരിയാണെന്ന് വരുത്തുകയും ചെയ്തു. യോഹന്നാനെപോലെ അവർ പ്രാർത്ഥിച്ചു, "കർത്താവേ, വരേണമേ!" അവർക്ക് ഒരു പ്രകടനമുണ്ടായിരുന്നു, "മരണാനാത്താ" (1 കൊരിന്ത്യർ 16:22), "ഓ കർത്താവേ, വരേണമേ!" എന്നാണ് അരാമ്യഭാഷയിൽ അർത്ഥം. അവൻ വരുമെന്നത് അവരുടെ ഒരു പ്രകടനവും ആ വരവ് വേഗത്തിൽ ആക്കേണമേ എന്നതും ആയിരുന്നു അവരുടെ പ്രാർത്ഥന. പത്രൊസിന്റെ വാക്കിൽ പറഞ്ഞാൽ "ദൈവദിവസത്തിന്റെ വരവിന് കാത്തിരുന്ന് ബദ്ധപ്പെടുത്തിക്കൊണ്ടിരുന്നു" (2 പത്രൊസ് 3:12). മാസില്ലൻ പറഞ്ഞതനുസരിച്ച്, "കർത്താ

വിന്റെ വരവിൽ വിശ്വാസത്യാഗം സംഭവിച്ച് നശിച്ചുപോകുമെന്നോർത്ത് നെടുവീർവിർപ്പിടാതിരിപ്പാൻ ഉള്ള മുന്നറിയിപ്പാണ്."[17]

- *അത് അവരെ ആശ്വസിപ്പിച്ചു.* രാജാവ് വീണ്ടും വരുമെന്ന് പൗലൊസ് തെസലൊനിക്യരോട് തറപ്പിച്ചു പറഞ്ഞുകൊണ്ട് എഴുതി, "ആകയാൽ ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വസിച്ചുകൊൾവിൻ" (1 തെസലൊനിക്യർ 4:18). അവർ തങ്ങളുടെ വിശ്വാസത്തിന് വേണ്ടി മരിക്കേണ്ടി വന്നാലും, രാജാവ് മടങ്ങി വരികയും അവരെ ഉയർപ്പിക്കയും അവർ അവനോടുകൂടെ നിത്യത ചെലവഴിക്കയും ചെയ്യും!

## കാത്തിരിപ്പ് മങ്ങുന്നു

ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ച് ബൈബിളിന്റെ അവസാന ഭാഗത്ത് എഴുതിയിട്ട് ആയിരത്തിത്തൊള്ളായിരത്തിലധികം വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. നൂറ്റാണ്ടുകൾ കടന്നുപോയിട്ടും, കർത്താവ് ഇതുവരെ മടങ്ങി വന്നിട്ടില്ല. നമ്മുടെ കണ്ണുകൾ സ്വർഗത്തിലേക്ക് നോക്കുന്നതിന് പകരം ഭൂമിയിലേക്ക് മാറിയിരിക്കുന്നു. പ്രസംഗിക്കയും ഉപദേശിക്കയും ചെയ്യുന്ന ചിലർ ഹർഷോന്മാദം, മഹോപദ്രവം, ക്രിസ്തുവിന്റെ ഭൂമിയിലെ വാഴ്ച്ച തുടങ്ങിയ തങ്ങളുടെ കെട്ടുകഥകൾ പ്രചരിപ്പിച്ച് ആളുകളെ ആവേശഭരിതരാക്കിക്കൊണ്ടിരിക്കുന്നു. നമ്മിൽ മിക്കപേരും ലോകഗതിക്കനുസരിച്ചാണ് ജീവിക്കുന്നത്; നമ്മുടെ ജീവിതം ഇവിടെ സ്ഥിരമെന്നവണ്ണം ആക്കിയിരിക്കുന്നു. കാരണം ക്രിസ്തുവിന്റെ രണ്ടാം വരവെന്ന സത്യം നമ്മുടെ ഉള്ളിൽ മങ്ങപ്പെട്ടിരിക്കുന്നു. ആദ്യനൂറ്റാണ്ടുകളിലെ സഭയെ അത് സ്വാധീനിച്ചതുപോലെ നമ്മെ സ്വാധീനിക്കുന്നില്ല.

- *അതിനാൽ നമുക്ക് മാറ്റമുണ്ടായില്ല.* അ-ക്രൈസ്തവരെപോലെ, നമ്മുടെ ചിന്തകൾ അധികവും ഈ ജീവിതത്തിലാണ്.
- *നാം അതിനാൽ വെല്ലുവിളിക്കപ്പെട്ടിട്ടില്ല. എല്ലാ സമയത്തും* ഒരുങ്ങിയിരിക്കേണ്ട ആവശ്യം തന്നെ പലർക്കും ഉള്ളതായി തോന്നുന്നില്ല.
- നമ്മുടെ ശ്രദ്ധ ലോകത്തിലായതുകൊണ്ട്, നമുക്ക് അതിൽ ഉറപ്പില്ല - അതുകൊണ്ട് അതിനാലുള്ള - ശക്തിയില്ല. നാം ജീവിതത്തിലെ ഐഹികമായ കാര്യങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു.
- "രാജാവ് വീണ്ടും വരുന്നു!" എന്ന് വിശ്വസിച്ച ആദ്യ ക്രിസ്ത്യാനികൾക്ക് ലഭിച്ച *ആശ്വാസം* നമുക്കില്ല. ആ ആശ്വാസം നമുക്ക് ആവശ്യമാണ്. നാം അടിക്കപ്പെടുമ്പോൾ, ലോകം രണ്ടായി പിളരുന്നു എന്നു തോന്നുമ്പോൾ, യുദ്ധത്തിൽ തിന്മ ജയിക്കുന്നു എന്നു തോന്നുമ്പോൾ, സഭയും സഭാംഗങ്ങളും നമ്മെ നിരാശപ്പെടുത്തുമ്പോൾ, "രാജാവ് നീണ്ടും വരുന്നു! അവസാനം അവൻ എല്ലാം നേരെയാക്കും എന്ന് തിരിച്ചറിയുന്നത് എത്ര ആശ്വാസമാണ്!"

പുതിയനിയമ ക്രിസ്ത്യാനികളുടെ ആവേശം നാം യഥാസ്ഥാനപ്പെടുത്താതെ പുതിയ നിയമ ക്രിസ്ത്യാനിത്വത്തെ യഥാസ്ഥാനപ്പെടുത്തുന്ന പ്രവൃത്തി പൂർണ്ണമാകുന്നില്ല എന്ന് ആരോ പറയുകയുണ്ടായി. നാം എന്തു

ചെയ്യണം. വീണ്ടും വരവിനെ കുറിച്ച് നമുക്ക് കൂടുതൽ പ്രസംഗിക്കയും ഉപദേശിക്കയും ചെയ്യാം. ഈ വിഷയത്തെ കുറിച്ച് ധാരാളം ഗാനങ്ങൾ രചിച്ചിട്ടുണ്ട്,[18] നമുക്ക് ആ ഗാനങ്ങൾ അധികമായി പാടുവാൻ കഴിയും. എന്തു സംഭവിച്ചാലും, വ്യക്തികളായ ക്രിസ്ത്യാനികൾ ഈ സത്യം ഹൃദയത്തിൽ സൂക്ഷിക്കുകയും ജീവിതത്തെ ആ കാഴ്ച്ചപ്പാടിൽ കാണുകയും ചെയ്യുക എന്നതാണ് ഇന്നത്തെ ഏറ്റവും വലിയ ആവശ്യം: "രാജാവ് വരുന്നു! അടുത്ത അഞ്ചു മിനിറ്റിനുള്ളിൽ വന്നേക്കാം അല്ലെങ്കിൽ ഇല്ലായിരിക്കാം, പക്ഷെ അവന് *കഴിയും.* രാജാവ് വരുന്നു - അത് എല്ലാറ്റിനേയും മാറ്റും!"

## ഉപസംഹാരം

രാജാവ് ഇപ്പോൾ മടങ്ങിവന്നാൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? നാം കാഹളനാദം കേൾക്കുകയും നാം ഇരിക്കുന്ന കെട്ടിടത്തിന്റെ മേൽക്കൂര പിളർന്നു വീഴുകയും ചെയ്താലോ? നാം മുകളിലേക്ക് നോക്കുമ്പോൾ തേജസിൽ യേശുവിനേയും ദൂതന്മാരെയും കണ്ടാലോ? ഈ സദസിലുള്ള ആളുകൾ പെട്ടെന്ന് ആകാശമേഘത്തിലേക്ക് എടുക്കപ്പെട്ടാലോ? (1 തെസലൊനിക്യർ 4:16, 17). അവൻ മടങ്ങിവരുന്നത് കാണുമ്പോൾ നിങ്ങൾ ആഹ്ലാദിക്കുമോ? അതോ നിങ്ങൾ ഭയപ്പെടുമോ? "ആമേൻ, കർത്താവേ വരേണമേ!" എന്നു യോഹന്നാൻ പറഞ്ഞതുപോലെ നിങ്ങൾക്ക് - വാസ്തവത്തിൽ പറയുവാൻ കഴിയുമോ (വെളിപ്പാട് 22:20)? രാജാവ് വരുന്നു! അവന്റെ വീണ്ടും വരവിനായി നിങ്ങൾ ഒരുങ്ങിയിട്ടില്ലെങ്കിൽ, ഇന്നുതന്നെ ഒരുങ്ങുവാനാണ് എന്റെ പ്രാർത്ഥന.[19]

## പ്രസംഗക്കുറിപ്പുകൾ

ഞാൻ ആദ്യം പ്രസംഗപീഠത്തിൽ കയറിയതുമുതൽ രണ്ടാം വരവിനെ കുറിച്ച് പ്രസംഗിപ്പാൻ തുടങ്ങിയതാണ്. ഈ വലിയ വിഷയത്തെ കുറിച്ച് എന്നോട് പറയുകയും എഴുതുകയും ചെയ്ത എല്ലാവരോടും ഞാൻ കടപ്പെട്ടിരിക്കുന്നു. "രാജാവ് വരുന്നു!" എന്ന ഈ പ്രസംഗത്തിന് പല ഉറവിടങ്ങളും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തലവാചകവും പൊതുസമീപനവും എടുത്തത് ലാന്റൺ ബി. സാണ്ടേഴ്സിന്റെ *അബിലീൻ ക്രിസ്ത്യൻ യൂണിവേഴ്സിറ്റി ലെക്ച്ചേഴ്സിൽ* നിന്നാണ് (1980), 103–15.

ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ച് മതിയായ വിധത്തിൽ പ്രസംഗിച്ചില്ലെങ്കിൽ, പാട്ടുപുസ്തകത്തിൽ ആ വിഷയത്തെ പ്രതിപാദിച്ചിട്ടുണ്ട്. പാട്ട് നയിക്കുന്ന ആളോട് അങ്ങനെയുള്ള പാട്ടുകൾ തിരഞ്ഞെടുത്ത് പാടുവാനായി നിങ്ങൾക്ക് പറയാം.

---

കുറിപ്പുകൾ

[1]ഇത് പലപ്പോഴും-ഉപയോഗിച്ചിട്ടുള്ള ബൈബിൾ വിഭജനമായ: "ക്രിസ്തു വരുന്നു"; "ക്രിസ്തു ഇവിടെ ആകുന്നു"; "ക്രിസ്തു വീണ്ടും വരുന്നു" എന്നതിൽ നിന്നെടുത്തതാണ്. [2]വില്യം എസ്. ബനോസ്കി, *സെർമൺസ് ഓഫ് വില്യം എസ്. ബനോസ്കി,* ഗ്രെയിറ്റ് പ്രീച്ചേഴ്സ് ഓഫ് ടുഡേ സീരീസ്, വാല്യം 11, എഡി. ജെ. ഡി. തോമസ് (അബിലീൻ, ടെക്സ്.: ബിബിളിക്കൽ റിസെർച്ച് പ്രസ്, 1965), 211. പഴയനിയമത്തിലെ മശിഹാ പ്രവച

നങ്ങളുടെ എണ്ണത്തെ സംബന്ധിച്ച് എഴുത്തുകാർക്ക് അവരുടെ വ്യത്യസ്ത അഭിപ്രായ ങ്ങളാണുള്ളത്. കൃത്യമായ സംഖ്യ അപ്രധാനമാണ്. [3]സങ്കീർത്തനങ്ങൾ 2 "രാജകീയ സങ്കീർത്തനമാണ്" അത് ഭൗതിക യിസ്രായേൽ രാജാക്കന്മാരെ ബാധിക്കുന്നതായിരുന്നു, എന്നാൽ ആ സങ്കീർത്തനം മശിഹയുടെ വരവ് വരെ പൂർണ്ണമായി നിറവേറുകയില്ല എന്ന് മിക്ക യെഹൂദന്മാർക്കും അറിയാമായിരുന്നു. ആ സങ്കീർത്തനത്തിന്റെ ഒരു ഭാഗം യേശു വിനെ സൂചിപ്പിക്കുന്നതാണെന്ന് പുതിയനിയമ പ്രാസംഗികരും എഴുത്തുകാരും പറഞ്ഞി രുന്നു (പ്രവൃത്തികൾ 13:33; എബ്രായർ 1:5; 5:5; വെളിപ്പാട് 12:5). [4]ഉദാഹരണത്തിന്, പുരോ ഹിതന്മാരെ നിയമിക്കുമ്പോൾ, അവരെ എണ്ണപൂശിയിരുന്നു, ചിലപ്പോൾ പ്രവാചകന്മാ രെയും എണ്ണപൂശിഅഭിഷേകം ചെയ്തിരുന്നു. [5]ലോന്റൺ ബി. സാണ്ടേഴ്സ്, "രാജാവ് വരുന്നു!" *അബിലീൻ ക്രിസ്ത്യൻ യൂണിവേഴ്സിറ്റി ലെക്ച്ചേഴ്സ്* (1980), 104. [6]നമ്മുടെ വഴികൾ അല്ല ദൈവത്തിന്റെ വഴികൾ (യെശയ്യാവ് 55:8, 9). [7]ഇതുമായി ബന്ധമുള്ള അനവധി വേദഭാഗങ്ങൾ പറയുവാൻ കഴിയും. ഉദാഹരണത്തിന്, മത്തായി 16:27; 26:64. [8]ബനോസ്ക്കി, 211. [9]"ഹർഷോന്മാദം" എന്ന മനുഷ്യ-നിർമ്മിത ഉപദേശം ഈ വേദഭാഗം എടുത്ത് ആയിരാമാണ്ട് വാഴ്ച്ചക്കാർ പ്രചരിപ്പിക്കാറുണ്ട്. അവർ "ആദ്യം" എന്ന വാക്കിന് ഊന്നൽ കൊടുത്ത് നീതിമാന്മാർ "ആദ്യം" നീതികെട്ടവർക്ക് മുമ്പെ - ഉയർക്കുന്നു എന്നാണ് അവർ പറയുന്നത്, (അവരുടെ സിദ്ധാന്തപ്രകാരം) അവർ പിന്നീട് ഏഴു വർഷ ത്തിന് ശേഷമാണ് ഉയർക്കുന്നത്. ആ അർത്ഥത്തിലല്ല, ആ വേദഭാഗത്തിലെ "ആദ്യം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. നീതിമാന്മാരും നീതികെട്ടവരും തമ്മിലുള്ള വ്യത്യാസം കാണിക്കുവാനല്ല ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. വേദഭാഗം പറയുന്നത്, "ക്രിസ്തുവിൽ മരിച്ചവർ" "ആദ്യം" ഉയർക്കും, പിന്നെ "ക്രിസ്തുവിൽ" ജീവനോടെ ശേഷിക്കുന്നവർ കർത്താവിനോട്കൂടെ മേഘത്തിൽ എടുക്കപ്പെടുവാൻ രൂപാന്തരപ്പെടും. മരിച്ചവരെല്ലാവരും - നന്മ ചെയ്തവരും തിന്മ ചെയ്തവരും - ഉയർത്തെഴുന്നേല്ക്കുമെ ന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (യോഹന്നാൻ 5:28, 29). [10]ഈ വേദഭാഗം രണ്ടാംവര വിനെ കുറിച്ചല്ല, പ്രാരംഭസഭയുടെ കാലയളവിലെ താൽക്കാലിക വിധി നടപ്പാക്കുവാൻ വരുന്നതാണെന്നാണ് ചിലർ വിശ്വസിക്കുന്നത്. എങ്ങനെയായാലും, വെളിപ്പാടുപുസ്ത കത്തിന്റെ അവസാനം ചർച്ച ചെയ്യുന്നത് രണ്ടാം വരവിനെ കുറിച്ചാണെന്ന് തോന്നുന്നു.

[11]ബനോസ്ക്കി, 213-14. [12]ഇബിഡ്, 213. [13]ക്രിസ്തു മടങ്ങി വരുന്ന സമയം പലരും കണക്കുകൂട്ടിയിട്ടുണ്ട്. അവർ മുന്നറിയിച്ച സമയത്ത് ക്രിസ്തു വരാതിരുന്നപ്പോൾ അവർ പറഞ്ഞത്, "അവൻ അദൃശ്യനായി വരികയും ചിലർക്ക് മാത്രം പ്രത്യക്ഷനാവുകയും ചെയ്തു, സമയം ശരിയാകാത്തതുകൊണ്ട് പിന്നെ വരുമെന്ന് പറഞ്ഞു - പോയി" എന്നാണ്. ബൈബിൾ പഠിപ്പിക്കുന്നത്, ക്രിസ്തു വീണ്ടും വരുമ്പോൾ "*സകല* കണ്ണും അവനെ കാണും" എന്നാണ് (വെളിപ്പാട് 1:7; എംഫസിസ് മൈൻ). [14]"കള്ളൻ രാത്രി യിൽ വരമ്പോലെ" ആയിരിക്കും കർത്താവ് വീണ്ടും വരിക എന്ന പുതിയനിയമത്തിലെ മുന്നറിയിപ്പ് കണക്ക് കൂട്ടി അവന്റെ വീണ്ടും വരവ് സമയം അറിയിക്കുന്നവർ ശ്രദ്ധി ക്കുന്നില്ലെന്ന് തോന്നുന്നു (1 തെസലൊനിക്യർ 5:2; മത്തായി 24:42-44; 1 തെസലൊനിക്യർ 5:4; 2 പത്രൊസ് 3:10; വെളിപ്പാട് 3:3; 16:15 നോക്കുക). [15]നിങ്ങൾക്ക് വേണമെങ്കിൽ ഇവിടെ നിർത്തി, അവന്റെ രണ്ടാം വരവിന്റെ ചില സത്യങ്ങൾ ഊന്നിപ്പറയാം. ഉദാഹരണത്തിന്, അവൻ വീണ്ടും വരുന്നത് ആയിരാമാണ്ട് വാഴ്ച്ചക്കാർ പറയുന്നതുപോലെ, രാജ്യം സ്ഥാപിക്കുവാനല്ല, രാജ്യം/സഭ സ്ഥാപിച്ചുകഴിഞ്ഞു. [16]നിങ്ങൾ താമസിക്കുന്ന പ്രദേശത്തെ ബഹുമാന്യനായ ഒരാളുടെ പേർ പറയുക. [17]ബനോസ്ക്കി, 214-ൽ ഉദ്ധരിച്ചിട്ടുണ്ട്. ജീൻ ബാപ്റ്റിസ്റ്റേ മാസില്ലോൺ വാസ് കാൾഡ് "ദ ബിഷപ് ഓഫ് ക്ലെരെസോണ്ട്" ആന്റ് സെർവ്ഡ് ആസ് എ കോർട്ട് പ്രീച്ചർ ടു ലൂയിസ് IV ഓഫ് ഫ്രാൻസ്. [18]പ്രസംഗത്തിന് മുമ്പ് വിഷയത്തോടുകൂടിയ പാട്ട് പാടുന്നു എങ്കിൽ നിങ്ങൾ വേണമെങ്കിൽ, ആ വാക്യ

വുമായി ബന്ധപ്പെട്ട ചില വാക്കുകളും ഉപയോഗിക്കാം. [19]നിങ്ങൾ ഇതു പ്രസംഗിക്കുമ്പോൾ, ആളുകൾ എന്താണ് ചെയ്യേണ്ടതെന്ന് നിങ്ങൾക്കു പറയാം. അവരുടെ നന്മക്കു പകരം ക്രിസ്തുവിന്റെ യാഗത്തിൽ വിശ്വാസം അർപ്പിച്ച് സ്നേഹത്താലും അനുസരണത്താലും അവങ്കലേക്ക് തിരിയണം (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38). അവിശ്വസ്തരായ ക്രിസ്ത്യാനികൾ അവസരമുള്ളപ്പോൾ തന്നെ അവർ യഥാസ്ഥാനപ്പെടണം (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16).